(ബി) പ്രസ്തുത ഇനത്തിൽ പണം നൽകിയിട്ടും ചെലവാക്കാത്ത കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും ഉണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്തത് പ്രകാരമുള്ള തുകകൾ എല്ലാ കോർപ്പറേഷനുകൾക്കും നഗരസഭകൾക്കും അനുവദിച്ച് നൽകിയിട്ടുണ്ട്. നഗരസഭകൾ റോഡ് നിർമ്മാണത്തിനും മാലിന്യ നിർമ്മാർജ്ജനത്തിനും കുടിവെള്ള വിതരണത്തിനുമായി ഡെവലപ്പ്മെന്റ് ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ജനറൽ പർപ്പസ് ഫണ്ട്, തനത് ഫണ്ട് എന്നിവ വിനിയോഗിക്കുന്നു. അനുവദിച്ചു നൽകിയിട്ടുള്ള തുകയുടെ വിശദാംശങ്ങൾ അനുബന്ധം 'എ' ആയി ചേർത്തിട്ടുണ്ട്.* ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും മാലിന്യനിർമ്മാർജ്ജനത്തിനായി അനുവദിച്ച തുക തരംതിരിച്ച് ഇതോടൊപ്പം അനുബന്ധം 'ബി'ആയി ചേർത്തിട്ടുണ്ട്.*

പത്തനംതിട്ട മുനിസിപ്പാലിറ്റി പ്രോജക്ടുകളൊന്നും തയ്യാറാക്കി സമർപ്പിക്കാത്തതിനാൽ സാമ്പത്തിക സഹായം നൽകിയിട്ടില്ല. മറ്റെല്ലാ മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും പണം അനുവദിച്ചിട്ടുണ്ട്.

(ബി) ഇല്ല. പ്രസ്തുത ഇനത്തിൽ പണം നൽകിയിട്ടുള്ള എല്ലാ കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും ആയത് ചെലവഴിച്ചുവരുന്നു.

രാജീവ് ആവാസ് യോജന പദ്ധതി

89 (2922) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ രാജീവ് ആവാസ് യോജന പദ്ധതികൾ നടപ്പാക്കാൻ എന്തെല്ലാം കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ &ബി) നിലവിലുള്ള എല്ലാ കോർപ്പറേഷനുകളിലും 'ചേരിരഹിത ഭാരതം' എന്ന ആശയം മുൻനിർത്തി നടപ്പിലാക്കുന്ന പദ്ധതിയാണ് രാജീവ് ആവാസ് യോജന. ടി പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന നഗരസഭകളിൽ ചേരിരഹിത നഗരാസൂത്രണ കർമ്മ പരിപാടി തയ്യാറാക്കിയിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

1. തിരുവനന്തപുരം
2. കൊല്ലം
3. തൃശ്ശൂർ
4. കോഴിക്കോട്
5. കണ്ണൂർ

കൊച്ചി നഗരസഭയെ പ്രസ്തുത പദ്ധതിയിൽ തെരഞ്ഞെടുത്തിട്ടുണ്ടെങ്കിലും കർമ്മ പരിപാടി തയ്യാറാക്കിയിട്ടില്ല. 15 വർഷം മുൻകൂട്ടിക്കണ്ടുകൊണ്ട് നഗരങ്ങളെ ചേരിരഹിതമാക്കുന്നതിനായി തയ്യാറാക്കുന്ന സമഗ്ര മാർഗ്ഗരേഖയാണ് ചേരിരഹിത നഗരാസൂത്രണ കർമ്മ പരിപാടി (എസ്.എഫ്.സി.പി.ഒ.എ.). നിലവിലുള്ള ചേരികൾ വികസിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളും ഭാവിയിലെ ചേരിയിലെ വളർച്ച തടയുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അടങ്ങുന്ന സമഗ്രരൂപരേഖയാണ് ചേരിരഹിത നഗരാസൂത്രണ കർമ്മ പദ്ധതി.

(സി) 'ചേരിരഹിത നഗരം' എന്ന ലക്ഷ്യത്തോടെ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും നഗരസഭകളുടെയും സംയുക്താഭിമുഖ്യത്തിൽ നടപ്പിലാക്കിവന്ന രാജീവ് ആവാസ് യോജന പദ്ധതി പ്രകാരം സംസ്ഥാനത്ത് 160.77 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചു. ഇതിൽ 86 വീടുകളുടെ നിർമ്മാണം പൂർത്തിയായി. 335 വീടുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. ബാക്കിയുള്ളവ പ്രാരംഭ ഘട്ടത്തിലാണ്.

കുട്ടി അഹമ്മദ് കുട്ടി കമ്മീഷൻ റിപ്പോർട്ട്

90 (2923) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നിയോഗിച്ച കുട്ടി അഹമ്മദ് കുട്ടി കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ;

(സി) റിപ്പോർട്ട് പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2013-ൽ

(സി) പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly